## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4690 — 29.6.2012-ൽ മറുപടിയ്ക്ക്

### കേരകൃഷി പ്രോത്സാഹനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ :<br>,, അൻവർ സാദത്ത് :<br>,, ബെന്നി ബെഹനാൻ :<br>,, ഹൈബി ഈഡൻ : | ശ്രീ . കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് കേരകൃഷി പിന്നോക്കം പോകുന്നത് തടയാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിരിക്കുന്നത് ; വിശദമാക്കുമോ ; | (എ) സംസ്ഥാനത്ത് കേരകൃഷി വികസനത്തിനായി സംസ്ഥാന സർക്കാർ കേരശ്രീ പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.<br><br>കുട്ടനാട് പാക്കേജ് ഇടുക്കി പാക്കേജ് എന്നിവയിലും തെങ്ങ് കൃഷി വികസന പദ്ധതികൾ നടപ്പിലാക്കുന്നു. കൂടാതെ സംയോജിത നാളികേര വികസന പദ്ധതി, തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതി, ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ വിതരണം എന്നിവയും നടപ്പിലാക്കി വരുന്നു |
| (ബി) നാളികേര മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണനം, പ്രചരണം എന്നിവ വിപുലമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തുന്നുണ്ടോ ; ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (ബി) നാളികേരകൃഷി പദ്ധതികൾക്കായി മാറ്റി വച്ചിട്ടുള്ള പദ്ധതി വിഹിതത്തിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണനം, പ്രചാരണം എന്നിവയ്ക്കായി പ്രത്യേക തുകയൊന്നും വക കൊള്ളിച്ചിട്ടില്ല. എന്നാൽ 2012-2013 വർഷത്തിലെ |

ബഡ്ജറ്റിൽ കാർഷികോൽപന്നങ്ങളുടെ സംസ്ക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി 15 കോടി രൂപ 2435-001-800-94 പ്ലാൻ എന്ന ശീർഷകത്തിൽ വകകൊള്ളിച്ചിട്ടുണ്ട്. ഈ പദ്ധതി മുഖേന സംസ്ക്കരണം , വിപണനം , എന്നിവയ്ക്കും സഹായം നൽകാവുന്നതാണ്.

Shobhana

**സെക്ഷൻ ഓഫീസർ**